# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെഎൻ.ആർ/സി.3/429/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ)
2.അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ,ജനറൽ, കണ്ണൂർ (ഇ മെയിൽ)
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/കെഎൻ.ആർ/സി.3/429/22 തീയ്യതി: 25/05/2022

## കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 05-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വിനോദ് കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 21-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-03-2022 | 21-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സിന്ധു. ടി. പി. ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അന്ന അബ്രഹാം, ഓഡിറ്റർ(ഹ.ഗ്രേ)
ധന്യ. എം. വി. ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ടി. ലത | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ജോബി സാലസ് | സെക്രട്ടറി | 01-04-2019 | 18-06-2019 |
| ശ്രീ ചന്ദ്രബാബു. കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-06-2019 | 24-08-2019 |
| ശ്രീമതി.മോളി .എം.വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-08-2019 | 15-09-2019 |
| ശ്രീമതി.ഗ്രേസി സേവ്യർ | സെക്രട്ടറി | 16-09-2019 | 05-01-2020 |
| ശ്രീമതി.മോളി.എം.വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-01-2020 | 05-02-2020 |
| ശ്രീമതി.ജയ സുരേന്ദ്രൻ | സെക്രട്ടറി | 06-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സ്നേഹലത പോള | മെഡിക്കൽ ഓഫീസർ, സി .എച്ച് .സി | 01-04-2019 | 31-03-2020 |
| ശ്രീ.ജോൺ .ജെ.ലതീഷ് | വ്യവസായ വികസന ഓഫീസർ | 01-04-2019 | 22-06-2019 |
| ശ്രീമതി.ലതിക.എം.കെ. | വ്യവസായ വികസന ഓഫീസർ | 23-06-2019 | 02-07-2019 |
| ശ്രീ.ശിഹാബുദ്ദീൻ. എസ്. | വ്യവസായ വികസന ഓഫീസർ | 03-07-2019 | 17-02-2020 |
| ശ്രീമതി.ദീപ്തി.സി.കെ | വ്യവസായ വികസന ഓഫീസർ | 18-02-2020 | 31-03-2020 |
| ശ്രീമതി.പ്രസന്ന പറമ്പത്ത് | സി ഡി പി ഒ,തളിപ്പറമ്പ | 01-04-2019 | 31-03-2020 |
| ശ്രീമതി.നിർമ്മല.കെ | സിഡിപിഒ,തളിപ്പറമ്പ അഡിഷണൽ 1 | 01-04-2019 | 14-06-2019 |
| ശ്രീമതി.പ്രസന്ന പറമ്പത്ത് | സിഡിപിഒ,തളിപ്പറമ്പ അഡിഷണൽ 1 | 15-06-2019 | 05-08-2019 |
| ശ്രീമതി.നിർമ്മല.കെ | സിഡിപിഒ,തളിപ്പറമ്പ അഡിഷണൽ 1 | 06-08-2019 | 14-01-2020 |
| ശ്രീമതി.പ്രസന്ന പറമ്പത്ത് | സിഡിപിഒ,തളിപ്പറമ്പ അഡിഷണൽ 1 | 15-01-2020 | 31-03-2020 |
| ശ്രീമതി.നളിനമ്മ.കെ.ജി | സി ഡി പി ഒ,ആലക്കോട് | 01-04-2019 | 13-06-2019 |
| ശ്രീമതി.ഗ്രേറ്റ കുര്യൻ | സി ഡി പി ഒ,ആലക്കോട് | 14-06-2019 | 31-01-2020 |

| | | | |
|---|---|---|---|
| പെരുമാട്ടിൽ | | | |
| ശ്രീമതി.പ്രസന്ന പറമ്പത്ത് | സി ഡി പി ഒ,ആലക്കോട് | 01-02-2020 | 06-03-2020 |
| ശ്രീമതി.ഗ്രേറ്റ കുര്യൻ പെരുമാട്ടിൽ | സി ഡി പി ഒ,ആലക്കോട് | 07-03-2020 | 31-03-2020 |
| ശ്രീമതി.സ്വപ്ന.കെ | അസിസ്റ്റന്റ് ഡയറക്ടർ,അഗ്രിക്കൾച്ചർ | 01-04-2019 | 03-12-2019 |
| ശ്രീമതി.സുജ കാരാട്ട് | അസിസ്റ്റന്റ് ഡയറക്ടർ,അഗ്രിക്കൾച്ചർ | 04-12-2019 | 31-03-2020 |
| ശ്രീ.ഫഹദ്.എം | ക്ഷീരവികസന ഓഫീസർ,തളിപ്പറമ്പ | 01-04-2019 | 09-08-2019 |
| ശ്രീമതി.ബീന.പി.വി | ക്ഷീരവികസന ഓഫീസർ,തളിപ്പറമ്പ | 10-08-2019 | 21-11-2019 |
| ശ്രീമതി.മിനിമോൾ.ഡി.കെ | ക്ഷീരവികസന ഓഫീസർ,തളിപ്പറമ്പ | 22-11-2019 | 31-03-2020 |
| ശ്രീമതി.ടിങ്കിൾ മാത്യൂ | ക്ഷീരവികസന ഓഫീസർ,ആലക്കോട് | 17-08-2019 | 16-09-2019 |
| ശ്രീമതി.ബീന.പി.വി | ക്ഷീരവികസന ഓഫീസർ,ആലക്കോട് | 17-09-2019 | 15-10-2019 |
| ശ്രീമതി.അമ്പിളി.എൻ.എസ് | ക്ഷീരവികസന ഓഫീസർ,ആലക്കോട് | 16-10-2019 | 31-01-2020 |
| ശ്രീമതി.അൽഫോൻസ ജോസഫ് | ക്ഷീരവികസന ഓഫീസർ,ആലക്കോട് | 01-02-2020 | 31-03-2020 |
| ശ്രീ.ഒ.പി.രാധാകൃഷ്ണൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 30-06-2019 |
| ശ്രീ.വിജേഷ് . ഇ | പട്ടികജാതി വികസന ഓഫീസർ | 01-07-2019 | 13-10-2019 |
| ശ്രീ.ഒ.പി.രാധാകൃഷ്ണൻ | പട്ടികജാതി വികസന ഓഫീസർ | 14-10-2019 | 28-10-2019 |
| ശ്രീ.പി.ഉണ്ണിക്കൃഷ്ണൻ | പട്ടികജാതി വികസന ഓഫീസർ | 29-10-2019 | 31-03-2020 |
| ശ്രീ.രാജേഷ്.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 25-07-2019 |
| ശ്രീ.ബാലകൃഷ്ണൻ.കെ.എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | 26-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ | | |
| ശ്രീ.സജീവൻ കൈതച്ചാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 30-06-2019 |
| ശ്രീമതി.റോസ്ലിജി. സി.ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2019 | 31-03-2020 |
| ശ്രീ.ഗോപാലകൃഷ്ണൻ.പി.വി | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2019 | 31-03-2020 |

ക്ഷീരവികസന ഓഫീസർ,ആലക്കോട്- 17.08.19 മുതൽ ആണ് നിർവ്വഹണ ഉദ്യോഗസ്ഥ ആകുന്നത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 10-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sindhu T P (Audit Officer, On 13-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 13-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sindhu T P (Audit Officer, On 13-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 16-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sindhu T P (Audit Officer, On 16-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Sindhu T P (Audit Officer, On 16-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhu T P (Audit Officer, On 23-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-7 |
| 9 | 2019-20 വർഷവും, മുൻവർഷങ്ങളിലുമായി വാടകയിനത്തിൽ ഭീമമായ കുടിശ്ശിക<br>Written By: Dhanya.M.V (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-8 |
| 10 | രജിസ്റ്റർ സൂക്ഷിപ്പ്<br>Written By: Sindhu T P (Audit Officer, On 23-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-9 |
| 11 | ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പദ്ധതികൾ<br>Written By: Sindhu T P (Audit Officer, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-10 |
| 12 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് ഗ്രാന്റ്-അധികം തുക നൽകിയ₹5000-ടെ ചെലവ് നിരാകരിക്കുന്നു<br>Written By: Anu Abraham (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-11 |
| 13 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ- ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്തില്ല<br>Written By: Sindhu T P (Audit Officer, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-12 |
| 14 | വായ്പ പലിശ-കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല<br>Written By: Sindhu T P (Audit Officer, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-13 |
| 15 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ഓഫീസ് ചെലവുകൾ- അപാകങ്ങൾ | 1-14 |

| | | |
|---|---|---|
| | Written By: Sindhu T P (Audit Officer, On 23-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | |
| 16 | സി.എച്ച്.സിയിൽ നിയമിക്കപ്പെടുന്ന ഫിസിയോ തെറാപ്പിസ്റ്റിന്റെ വേതനം<br>Written By: Anu Abraham (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-15 |
| 17 | ക്ഷീരകർഷകർക്ക് പാൽ വില സബ്സിഡി വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Dhanya.M.V (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-16 |
| 18 | വനിതാ പശുവളർത്തൽ യൂണിറ്റ് - പദ്ധതി അപാകങ്ങൾ -787500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Dhanya.M.V (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-17 |
| 19 | നെൽകൃഷിക്ക് കൂലിചെലവ് വിഹിതം - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Dhanya.M.V (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-18 |
| 20 | പച്ചക്കറി കൃഷിക്ക് കൂലിചെലവ് വിഹിതം -ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Dhanya.M.V (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-19 |
| 21 | പട്ടുവം കൈപ്പാട് കൃഷിക്ക് ധനസഹായം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Dhanya.M.V (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-20 |
| 22 | ഒടുവള്ളിത്തട്ട് സി.എച്ച്.സി യിലെ ഐ.പി കെട്ടിടത്തിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ-അപാകങ്ങൾ-1050800രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു<br>Written By: Anu Abraham (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-21 |
| 23 | സി.എച്ച്.സി യിലെ ഡോക്ടർ,ഫാർമസിസ്റ്റ്,ലാബ്ടെക്നീഷ്യൻ എന്നിവർക്ക് മെയിന്റനൻസ് ഫണ്ടിൽ നിന്നും വേതനം നൽകി<br>Written By: Anu Abraham (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-22 |
| 24 | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സബ്സിഡി - അധികമായി അനുവദിച്ച ₹2500 തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 22-03-2022)<br>Last Updated By: Sindhu T P (Audit Officer, On 22-03-2022) | 1-23 |
| 25 | ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കാതെ തുക അനുവദിച്ചത്-അധികമായി നൽകിയ ₹41845 തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-24 |
| 26 | വിവിധ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണം- പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |

| | | |
|---|---|---|
| 1 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് ഗ്രാന്റ്-അധികം തുക നൽകി-₹5000 നിരാകരിക്കുന്നു<br>Written By: Sindhu T P (Audit Officer, On 26-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 3-1 |
| 2 | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സബ്സിഡി - അധികമായി അനവദിച്ച ₹2500 തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sindhu T P (Audit Officer, On 26-03-2022)<br>Last Updated By: Sindhu T P (Audit Officer, On 26-03-2022) | 3-2 |
| 3 | ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കാതെ തുക അനുവദിച്ചത്-അധികമായി നൽകിയ ₹41845 തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sindhu T P (Audit Officer, On 26-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 23-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Sindhu T P (Audit Officer, On 21-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Sindhu T P (Audit Officer, On 21-03-2022) | 4-4 |
| 5 | വായ്പ , വായ്പ തിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 23-03-2022)<br>Last Updated By: Sindhu T P (Audit Officer, On 23-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Sindhu T P (Audit Officer, On 21-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Sindhu T P (Audit Officer, On 21-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Sindhu T P (Audit Officer, On 21-03-2022) | 4-8 |
| 9 | ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Sindhu T P (Audit Officer, On 21-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 23-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu T P (Audit Officer, On 06-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 26.02.2019 തീയതിയിലെ 19/19 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 50,05,70,000 |
| ആകെ | 50,05,70,000 |
| ചെലവ് | 49,67,24,800 |
| നീക്കിയിരിപ്പ് | 38,45,200 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിംഗ് മിനുട്സിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. 19.02.19 തീയതിയിലെ മീറ്റിംഗിൽ ബജറ്റ് മീറ്റിംഗ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനുട്സിൽ ഹാജർ മാത്രമാണ് ചേർത്തിട്ടുള്ളത്. വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികളും ബജറ്റ് സംബന്ധിച്ച ചർച്ചകൾ നടത്തുകയോ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിച്ചതായും രേഖകളില്ല. ജന്റർ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

ബജറ്റിന്റെ അച്ചടിച്ച പകർപ്പിലുള്ള സംക്ഷിപ്ത വിവരങ്ങൾ ഭരണസമിതി അംഗീകരിച്ച ബജറ്റിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. അച്ചടിച്ച പകർപ്പിൽ രേഖപ്പെടുത്തിയതു പ്രകാരം ആകെ വരവ് 49757000രൂപയും ചെലവ് 493724800രൂപയും ഉള്ള കമ്മിബജറ്റ് ആണ്. (നീക്കിയിരിപ്പ് (-)3845200രൂപ). ഭരണസമിതി അംഗീകരിച്ച ബജറ്റ് മുകളിൽ സൂചിപ്പിച്ച പ്രകാരം 3845200രൂപ മിച്ചം കാണിക്കുന്ന ബജറ്റാണ്.

ബജറ്റ് തയ്യാറാക്കുമ്പോൾ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 05.06.2020 | തിരിച്ചയച്ചിട്ടില്ല |

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.05.2020 തീയതിയിലെ 47/20 നമ്പർ തീരുമാന പ്രകാരമാണ് വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1.തനതു വരവിനങ്ങളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. വാടക വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും വർഷാവസാന സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, വിവിധ ഏജൻസികളിൽ നിന്നും കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമായ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , ലോൺ രജിസ്റ്റർ തുടങ്ങിയവ തയ്യാറാക്കിയിട്ടില്ല.

3.എം എൻ ആർ ഇ ജി എസ് വിഭാഗത്തിന് മുൻകൂറായി നല്കിയ തുകയുടെ വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ ബി18, ആർ പി 47 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകയും എംഎൻ ആർ ഇ ജി എസ് വിഭാഗത്തിൽ നിന്ന ലഭ്യമാക്കിയ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എംഎൻ ആർ ഇ ജി എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 31.03.2020 തീയതിയിൽ തനതു ഫണ്ടിൽ നിന്നും നല്കിയ മുൻകൂറിൽ 696459രൂപയാണ് ക്രമീകരിക്കാൻ ബാക്കിയുള്ളത്.എന്നാൽ ബി 18 ഷെഡ്യൂൾ പ്രകാരം 462055രൂപ മാത്രമാണ് ക്രമീകരിക്കാൻ ബാക്കിയുള്ളത്. പൊരുത്തക്കേടുകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4. വാർഷിക ധനകാര്യ പത്രിക പ്രകാരം (ബി 18 ഷെഡ്യൂൾ) 35316രൂപ ടി എ അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.2012-13 സാമ്പത്തിക വർഷം മുതലുള്ള പ്രസ്തുത കണക്കിനത്തിന്റെ ലഡ്ജർ പരിശോധിച്ചതിൽ 2014-15 സാമ്പത്തിക വർഷം നല്കിയതിൽ ക്രമീകരിക്കാൻ ബാക്കിയുള്ള 8500രൂപയും 2018-19 ൽ

നല്കിയ 550രൂപയും ഉൾപ്പെടെ 9050രൂപയാണ് 2018-19ൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി ചേർത്തത്.എന്നാൽ 550രൂപ ടി എ ഇനത്തിൽ നല്കിയതാണെന്നാണ് ഡിസ്ക്രിപ്ഷനിൽ ചേർത്തിട്ടുള്ളത്. 2019-20 ൽ നല്കിയതായി രേഖപ്പെടുത്തിയ 2172രൂപയും ടി എ ഇനത്തിലുള്ളതാണെന്നാണ് വൗച്ചർ പരിശോധനയിൽ വ്യക്തമാവുന്നത്. 2019-20 സാമ്പത്തിക വർഷം ജേണൽ എൻട്രി വഴി 2172രൂപയും 15418രൂപയും ഡെബിറ്റ് ചെയ്ത് ആകെ ക്രമീകരിക്കാനുള്ള തുക 35316 രൂപ എന്ന് ചേർത്തിട്ടുണ്ട്.

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബി 11,ആർ പി 38 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകളും ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റും പരിശോധിക്കാനായി ഹാജരാക്കിയിട്ടില്ല.

മുൻവർഷത്തെ ബി 11 ഷെഡ്യൂളിലെ തുകയും 2019-20ലെ ആർപി 38 ലെ തുകയും കൂട്ടുമ്പോൾ തൻവർഷത്തെ ബി 11 ഷെഡ്യൂളിലെ മൂല്യം ലഭിക്കുന്നില്ല.

6.വൗച്ചറുകൾക്കൊപ്പം സാംഖ്യയിൽ ജനറേറ്റ് ചെയ്യുന്ന വൗച്ചർ ഉൾപ്പെടുത്തിയിട്ടില്ല.

7.വായ്പ - 2018-19 സാമ്പത്തിക വർഷം തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയത് 49 ലക്ഷം രൂപയാണ്.എന്നാൽ ഫയൽ പരിശോധനയിൽ ഇ എം എസ് ഭവനപദ്ധതിക്കായുള്ള ലോൺ ഇനത്തിൽ 854341രൂപയും ഐ എ വൈ ഭവന പദ്ധതിക്കായുള്ള ലോൺ ഇനത്തിൽ 2700000രൂപയും ഉൾപ്പെടെ 3554341രൂപയാണ് 18-19 ലെ നീക്കിയിരിപ്പ്. 2019-20 ലെ കണക്കുകൾ ആയതിന്റെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയത്. മുന്നിരിപ്പിൽ മാറ്റം വരുത്തിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ കുറിപ്പായി അക്കൗണ്ടിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.2013 ന മുമ്പ് തിരിച്ചടച്ച തുക ജേണൽ എൻട്രി ചെയ്ത് കുറവ് ചെയ്താണ് 2019-20 ലെ മുന്നിരിപ്പ് ശരിയാക്കിയിട്ടുള്ളത്.

8.ഐ 18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് എക്സ് പെൻസ് ആയി രേഖപ്പെടുത്തിയ വിവിധ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

9.ബി 9 ഷെഡ്യൂളിൽ അദർ ലയബിലിറ്റീസ് എന്ന ഇനത്തിൽ രേഖപ്പെടുത്തിയ 55137രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബി 9 ഷെഡ്യൂൾ പ്രകാരം വാറ്റ് ഇനത്തിൽ 3766രൂപ ഒടുക്കുവാൻ ബാക്കിയുള്ളതായി കാണുന്നു. യഥാസമയം തുക ഒടുക്കു വരുത്താത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

10.ഗുണഭോക്തൃവിഹിതമിനത്തിൽ നീക്കിയിരിപ്പായി കാണിച്ച 301465രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

11.കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിലുള്ള തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

12.വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്കും പ്രത്യേക ഉദ്ദേശ്യങ്ങൾക്കുമായി ലഭിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.(ലഭിച്ച തുക , വർഷം, പദ്ധതി, ചെലവഴിച്ച തുക , നീക്കിയിരിപ്പ്, നീക്കിയിരിപ്പുള്ള തുക തിരിച്ചടക്കാതിരിക്കാൻ കാരണം തുടങ്ങിയ വിവരങ്ങൾ)

13.ബി 17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ വിവിധ ബാങ്ക് , ട്രഷറി അക്കൗണ്ടുകളുമായി ബന്ധപ്പെട്ട പ്രതിമാസ , വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ കൃത്യമായ വിവരങ്ങൾ നല്കുന്നില്ല.

14.ബി 4 ഷെഡ്യൂളിൽ വിവിധ ഫണ്ടിനങ്ങളുടെ നീക്കിയിരിപ്പായി ചേർത്ത തുകയും ബി 17 ഷെഡ്യൂളിൽ അതാത് ബാങ്ക് /ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ബി4ഷെഡ്യൂൾ പ്രകാരമുള്ള തുക | ബി 17 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| സംയുക്ത പദ്ധതികൾ | ₹ 9012346<br>(1104087+77000+ 3163947+4667312) | ടി എസ് ബി-ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ₹ 19,21,710 |
| ഐ എ വൈ | 3815823 | ടി എസ് ബി- ഐ എ വൈ- -₹8994931<br>പി എൻ ബി,തളിപ്പറമ്പ - ഐ എ വൈ- ₹1962810 |
| ടി എസ് സി | 367627 | എസ് ബി ഐ തളിപ്പറമ്പ- ₹448813 |
| ജില്ലാ പഞ്ചായത്ത് ഹൗസിംഗ് | 51282 | കെ ജി ബി,കരിമ്പം-₹ 53364 |

| | | |
|---|---|---|
| പൈക്ക | 193792 | പി എൻ ബി -പൈക്ക-₹253792 |

ജേണൽ എൻട്രി വഴി മുൻവർഷത്തെ നീക്കിയിരിപ്പിൽ ക്രമീകരണങ്ങൾ നടത്തിയതായി ലെഡ്ജറുകളിൽ ചേർത്തിട്ടുണ്ടെങ്കിലും ആയതിന്റെ കാരണം വ്യക്തമാക്കുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ അനുബന്ധ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൃത്യമായ കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,26,62,092 |
| വരവ് | 7,51,05,911 |
| ആകെ | 9,77,68,003 |
| ചെലവ് | 7,64,80,157 |
| നീക്കിയിരിപ്പ് | 2,12,87,846 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 49340 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 1838300 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂബിൽ | നീക്കിയിരിപ്പ്/ ലാപ്സായ തുക (ക്യൂബിൽ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 66830000 | 66830000 | 48943014 | 17447531 | 17886986 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7424000 | 7424000 | 6837465 | 586532 | 586535 |
| വികസന ഫണ്ട് - ടി എസ് പി | 0 | 6306000 | 6306000 | 4522239 | 1783761 | 1783761 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 8732000 | 8732000 | 6170500 | 1665992 | 2561500 |

മറ്റ് ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററോ മറ്റ് രേഖകളോ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് ബി 4 | വരവ് ആർ | ആകെ | നീക്കിയിരിപ്പ് ബി 4 |
|---|---|---|---|---|

| | ഷെഡ്യൂൾ 2018-19 | പി 31 2019-20 | | 2019-20 |
|---|---|---|---|---|
| എസ് ജി എസ് വൈ | 373500 | 14830 | 388330 | 0 |
| ഐ ഡബ്ല്യു ഡി പി | 291191 | 9429 | 300620 | 300620 |
| ഐ എ വൈ | 12970488 | 143000 | 13113488 | 3815823 |
| ടി എസ് സി | 550235 | 75792 | 626027 | 367627 |
| ഐ ഡബ്ല്യു എം പി | 319496 | 11085 | 330581 | 329517 |
| പൈക്ക | 279483 | 9309 | 288792 | 193792 |
| മറ്റ് ഗ്രാന്റുകൾ | 91250 | .. | 91250 | 91250 |
| കുടിവെള്ള പദ്ധതിക്കായുള്ള കേന്ദ്രസർക്കാർ ഗ്രാന്റുകൾ | - | - | - | 976956 |
| കേരളോത്സവം | 35000 | 60000 | 95000 | 60000 |
| ശുചിത്വമിഷൻ | 226873 | 8916 | 235789 | 235789 |
| വില്ലേജ് പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം-റവന്യൂ | 1082529 | 91558 | 1174087 | 1104087 |
| വില്ലേജ് പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം-സ്പെസിഫിക്ക് പർപ്പസ് | - | 120000 | 120000 | 77000 |
| ജില്ലാ പഞ്ചായത്ത്-റവന്യൂ | 4163947 | .. | 4163947 | 3163947 |
| ജില്ലാപഞ്ചായത്ത്-കേന്ദ്രാവിഷ്കൃത പദ്ധതി | 51282 | .. | 51282 | 51282 |
| ജില്ലാ പഞ്ചായത്ത്-സ്പെസിഫിക്ക് പർപ്പസ് | 5292027 | .. | 5292027 | 4667312 |
| മറ്റു കേന്ദ്രഗവൺമെന്റ് ഗ്രാന്റുകൾ | - | 49588 | 49588 | 81186 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ | - | 1243361 | - | 0 |
| ഗുണഭോക്തൃവിഹിതം | 222285 | 79180 | 301465 | 301465 |
| അദർ സ്കീംസ് | | 123931 | | 0 |

വിവിധ പദ്ധതികൾക്കായി ലഭിച്ച ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതും ഗ്രാന്റ് വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 162 | 122526434 | 104 | 67032599 | 18 | 58 | 86 | 53 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സിഡിപിഒ (തളിപ്പറമ്പ, തളിപ്പറമ്പ അഡിഷണൽ 1&11) | 10 | 8 | 3208000 | 2613452 | 81.47 |
| സെക്രട്ടറി | 35 | 25 | 34272180 | 26255292 | 76.61 |
| ട്രൈബൽ എക്സ്ടെൻഷൻ ഓഫീസർ | 2 | 1 | 2620000 | 2350000 | 89.69 |
| മെഡിക്കൽ ഓഫീസർ,സിഎച്ച്സി | 8 | 8 | 3379787 | 3121939 | 92.37 |
| എസ് സി ഡി ഒ | 2 | 2 | 2530000 | 2520000 | 99.6 |
| അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 5 | 5 | 14048300 | 4433936 | 31.56 |
| ഡയറി എക്സ്ടെൻഷൻ ഓഫീസർ (തളിപ്പറമ്പ, ആലക്കോട്) | 5 | 3 | 4862500 | 3307500 | 68 |
| ഇൻഡസ്ട്രീസ് എക്സ്ടെൻഷൻ ഓഫീസർ | 4 | 3 | 1470000 | 965000 | 65.65 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 13 | 5 | 18502754 | 3079547 | 16.64 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 44 | 37632913 | 18385933 | 48.86 |
| ആകെ | 162 | 104 | 122526434 | 67032599 | 54.71 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2022-ന് ഉച്ചയ്ക്ക് 12.45 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു .

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത കാര്യങ്ങൾക്ക വേണ്ടി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172(1) വകുപ്പ് പ്രകാരമുള്ള നാലാം പട്ടികയിൽ നിർദ്ദേശിച്ച ചുമതലകൾക്കല്ലാതെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പശുവളർത്തലിന് ധനസഹായം നല്കിയത് ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള ധനസഹായം നല്കുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്യായിരുന്നു. ഗ്രൂപ്പ് രൂപീകരിക്കാതെ ഗ്രൂപ്പിന്റെ പേരിൽ വായ്പയെടുത്ത് വ്യക്തികൾക്ക് പശുവളർത്താൻ ധനസഹായം നല്കുന്ന

രീതിയിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ആയത് ശരിയല്ല. കുടിവെള്ള പദ്ധതികൾക്കായും മറ്റും ഗ്രാമപഞ്ചായത്ത് പരിധികളിൽ ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള അപേക്ഷ പ്രകാരമല്ലാതെ പദ്ധതികൾ നടപ്പാക്കുന്നതും ഒഴിവാക്കേണ്ടതാണ്.

കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ധനസഹായങ്ങൾ ഏത് ആവശ്യങ്ങൾക്കായി ലഭിച്ചതാണെന്നോ ലഭിച്ചത് ഏത് വർഷത്തേക്കുള്ള പദ്ധതികൾക്കായാണെന്നോ പരിശോധിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ബിഡിഒ യുടെ ചുമതലയിൽ വരുന്ന കാര്യങ്ങൾക്കായുള്ള ഫണ്ടിനങ്ങളും ത്രിതല ഭരണസംവിധാനത്തിന്റെ ഭാഗമായി നിർവ്വഹിക്കേണ്ട ചുമതലകൾക്കായി ലഭിക്കുന്ന ഫണ്ടിനങ്ങളും വേർതിരിച്ച് സൂക്ഷിക്കാതിരിക്കുന്നതും പരിശോധനയ്ക്ക് തടസമാകുന്നുണ്ട്.

## 1-8 2019-20 വർഷവും, മുൻവർഷങ്ങളിലുമായി വാടകയിനത്തിൽ ഭീമമായ കുടിശ്ശിക

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ സി.5-43163/99/കെ.സി.എസ്. തീയതി 8.3.2000-ലെ ബൈലോയിലെ ക്രമനമ്പർ 19 പ്രകാരം മുറി അനുവദിക്കപ്പെട്ടയാൾ പ്രതിമാസ വാടക അതാതുമാസം 5-ാം തീയതിക്കകം പഞ്ചായത്ത് ഓഫീസിൽ അടക്കേണ്ടതാണെന്നും വീഴ്ച വരുത്തിയാൽ വീഴ്ച വരുത്തിയ തീയതി മുതൽ പണം അടക്കുന്ന തീയതി വരെയുള്ള കാലത്തേക്ക് 18 ശതമാനം പിഴ പലിശയോടുകൂടി അടക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ താഴെക്കൊടുത്തിരിക്കുന്ന മുറികൾക്ക് ഓഡിറ്റ് വർഷങ്ങളിൽ വാടക ഈടാക്കിയിട്ടില്ല എന്നും മുൻവർഷങ്ങളിലെ വാടകയും കുടിശ്ശികയാണെന്നും വ്യക്തമായി. വാടകയിൽ പ്രതിവർഷം വരുത്തേണ്ട നിയമാനുസൃത വർദ്ധനവും വരുത്തിയിട്ടില്ല. ബൈലോ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് വാടക ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) നെല്ലിപ്പാറ മിനി വ്യവസായ എസ്റ്റേറ്റ്, ആലക്കോട്

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നമ്പർ | ഈടാക്കേണ്ട മാസവാടക | വാടക കുടിശ്ശികയായ കാലയളവ് | ഈടാക്കേണ്ട ആകെ മാസവാടക |
|---|---|---|---|---|---|
| 1 | ജോസ് തോമസ് | XV/326H | പഴയ വാടക1500 | 11/14 മുതൽ 3/17 വരെ | 29x1500=43500+പലിശ |
| | | | പുതുക്കിയ വാടക2250 | 4/17 മുതൽ 3/20 വരെ | 36x2250= 81000+പലിശ |
| | | | | | 43500+ 81000+പലിശ ആകെ = 124500+പലിശ |
| 2 | കെ.കെ കൃഷ്ണൻ കുട്ടി | XV/5 | പഴയ വാടക1500 | 4/17 മുതൽ 11/17 വരെ | 8x1500=12000+പലിശ |
| | | | പുതുക്കിയ വാടക 3000 | 12/17 മുതൽ 3/20 വരെ | 28x3000=84000+പലിശ |
| | | | | | ആകെ 12000+84000+പലിശ =96000+പലിശ |
| 3 | സതീഷ് രവീന്ദ്രൻ | XV/8 | 2250 | 6/19 മുതൽ 3/20 വരെ | 10x2250=22500+പലിശ |

2) നെല്ലിപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ്, പരിയാരം

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നമ്പർ | ഈടാക്കേണ്ട മാസവാടക | വാടക കുടിശ്ശികയായ കാലയളവ് | ഈടാക്കേണ്ട ആകെ മാസവാടക |
|---|---|---|---|---|---|
| 1 | അബ്ദുൾ റഷീദ് പി | VI/8 | പഴയ വാടക 2000 | 9/14 മുതൽ 3/17വരെ | 31x2000=62000+പലിശ 36x3000=108000+പലിശ 62000+108000+പലിശ |
| | | | പുതുക്കിയ | 4/17 മുതൽ | |

| | | | |
|---|---|---|---|
| | വാടക 3000 | 3/20 വരെ | 170000+പലിശ |

3) കുറുമാത്തൂർ മിനി വ്യവസായ എസ്റ്റേറ്റ്,കുറുമാത്തൂർ

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നമ്പർ | ഈടാക്കേണ്ട മാസവാടക | വാടക കുടിശ്ശികയായ കാലയളവ് | ഈടാക്കേണ്ട ആകെ മാസവാടക |
|---|---|---|---|---|---|
| 1 | പി ബാലകൃഷ്ണൻ നമ്പ്യാർ | VI/5 | പഴയ വാടക @2000 | 12/16 മുതൽ 3/17 വരെ | 4x2000 =8000+പലിശ 36+2400=86400 +പലിശ |
| | | | പുതുക്കിയവാടക @2400 | 4/17 മുതൽ 3/20 വരെ | 8000+ 86400+പലിശ =94400+പലിശ |

മേൽ അപാകങ്ങൾ സംബന്ധിച്ച് 21.3.22നൽകിയ 29ാംനമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ വാടകക്കാരിൽ നിന്നും കൃത്യമായി വാടക ഈടാക്കേണ്ടതും കുടിശിക വരുത്തുന്നവർക്കെതിരെ യഥാസമയം നടപടികൾ സ്വീകരിച്ച് തനതു വരുമാനച്ചോർച്ച ഒഴിവാക്കേണ്ടതുമാണ് .

## 1-9 രജിസ്റ്റർ സൂക്ഷിപ്പ്

ആസ്തി രജിസ്റ്റർ കാലികമാക്കിയതായി അറിയിച്ചിട്ടുണ്ടെങ്കിലും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ , ലോൺ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, തുടങ്ങി അവശ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകളൊന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല എന്നത് ഗുരുതരമായ അപാകമാണ്.തനതു വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലും വർഷാവസാന സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകളും കേരളാ ഫിനാഷ്യൽ കോഡ് വാല്യം 1 ലെ അനുബന്ധ പത്രികകളിൽ നിർദ്ദേശിക്കുന്ന മാതൃകയിൽ സൂക്ഷിക്കുന്നില്ല.

## 1-10 ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പദ്ധതികൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

2019-20 സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾക്ക വേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നല്കിയ തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ ബാക്കിയുള്ളവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ , പേര് | ഗ്രാമപഞ്ചായത്ത് | നല്കിയ തുക |
|---|---|---|---|
| 1 | 94/20,പിഎംഎവൈ(ഗ്രാമീൺ) ഭവനനിർമ്മാണം | ഉദയഗിരി | 3335600 |
| | | കടന്നപ്പള്ളി പാണപ്പുഴ | 300000 |
| | | ആലക്കോട് | 1600000 |
| | | പരിയാരം | 2200000 |
| | | ചപ്പാരപ്പടവ് | 1000000 |
| 2 | 119/20, ലൈഫ്, പിഎംഎ വൈ(ഗ്രാമീൺ)ഭവന നിർമ്മാണം, എസ് സി പി | ഉദയഗിരി | 1600000 |
| 3 | 121/20, ലൈഫ്, പിഎംഎ വൈ(ഗ്രാമീൺ)ഭവന നിർമ്മാണം, ടി എസ് പി | ഉദയഗിരി | 1574745 |
| 4 | 120/20,പകൽവീടുകൾക്ക് വിഹിതം നല്കൽ | കുറുമാത്തൂർ | 10,00,000 |

| | | | |
|---|---|---|---|
| 5 | 147/20,ബേബിഫ്രണ്ട്‌ലി ടോയ്‌ലറ്റ് വിഹിതം നല്കൽ | ഉദയഗിരി | 100000 |
| 6 | 149/20,ആലക്കോട് ആയുർവേദആശുപത്രി നവീകരണം വിഹിതം നല്കൽ | ആലക്കോട് | 500000 |
| 7 | 186/20,പട്ടുവംപിഎച്ച്സി അടിസ്ഥാനസൗകര്യവികസനം | പട്ടുവം | 5,00,000 |
| 8 | 184/20,പുളിയൂൽ സി എച്ച് സി കമ്മ്യൂണിറ്റി ഹാൾ നവീകരണം | പരിയാരം | 4,00,000 |
| 9 | 122/20, ചെക്ക് ഡാം നിർമ്മാണം | ചെങ്ങളായി | 10,00,000 |
| 10 | 150/20, മുക്കാടം തോട് സംരക്ഷണം | ചെങ്ങളായി | 238879 |
| 11 | 128/20,ചെക്ക് ഡാം നിർമ്മാണം വിഹിതം നല്കൽ | കുറുമാത്തൂർ | 320000 |
| | | പട്ടുവം | 160000 |
| 12 | 127/20,പരിയാരം ശ്മശാനം നിർമ്മാണം വിഹിതം നല്കൽ | പരിയാരം | 500000 |
| 13 | 129/20,അംഗൻവാടി കെട്ടിടനിർമ്മാണം ബ്ലോക്ക് വിഹിതം നല്കൽ | പട്ടുവം | 600000 |
| | | ആലക്കോട് | 300000 |
| | | പരിയാരം | 300000 |
| | | ചെങ്ങളായി | 300000 |

ബ്ലോക്ക് വിഹിതം കൈപ്പറ്റിയ സ്ഥാപനങ്ങളുടെ ഭരണസമിതി ധനസഹായത്തിനായി അപേക്ഷിക്കുന്നതിനായി എടുത്ത തീരുമാനം നമ്പർ, തീയതി, സ്ഥാപനങ്ങളുമായി ചമച്ച എഗ്രിമെന്റ് തുടങ്ങിയ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടു മാത്രം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കാൻ ശ്രദ്ധിക്കേണ്ടതും ധനവിനിയോഗം നിശ്ചിത സമയപരിധിക്കകം നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ പരാമർശിച്ച രേഖകളും ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-11 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് ഗ്രാന്റ്-അധികം തുക നൽകിയ₹5000-ടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നം | 9/19-20 |
| അടങ്കൽ | 23,50,000 വികസന ഫണ്ട് (ടി.എസ്.പി) |
| ചെലവ് | 23,50,000 |
| ബിൽ നം./തീയതി | 1/20-21 തീ: 22.08.19-7,65,000 |

സ.ഉ(കൈ)നം.22/2018/തസ്വഭവ തി:14.2.18 ഖ.7.2.5 പ്രകാരം ബിരുദവിദ്യാർത്ഥികൾക്ക് ₹20,000 ആണ് പ്രതിവർഷം സ്കോളർഷിപ്പായി നൽകേണ്ടത്. എന്നാൽ നടുവിൽ ഗ്രാമ പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അമൽദേവ് സി.വി എന്ന കേരളാ യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സയൻസിൽ രണ്ടാം സെമസ്റ്റർ B.F.SC. വിദ്യാർത്ഥിയ്ക്ക് ₹25,000 ആണ് 2019-20 വർഷം സ്കോളർഷിപ്പ് ആയി അനുവദിച്ചിരിക്കുന്നത്. അധികം നൽകിയ ₹5000-യുടെ ചെലവ് നിരാകരിക്കുന്നു. മേൽ അപാകം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക്(7/14/3/22) തുക തിരിച്ചടക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക തിരിച്ചു പിടിച്ച് സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-12 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ-ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്തില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ | 69/20, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ |
| അടങ്കൽ | 360000രൂപ(തനതു ഫണ്ട്) |

| | |
|---|---|
| ചെലവ് | 2,15,200രൂപ(പ്രതിമാസം 26500രൂപ നിരക്കിൽ 8/19 മുതൽ)<br>5311716/7.9.19 – ₹26900<br>1008531/5.10.19 – ₹26900<br>1008532/7.11.19 – ₹26900<br>1008533/4.12.19 – ₹26900<br>1008534/10.1.20 – ₹26900<br>1008535/31.2.20 – ₹26900<br>1008536/3.3.20 – ₹26900<br>1008537/31.3.20 – ₹26900<br>ആകെ – ₹215200/- |
| കരാറുകാരൻ | ശ്രീ രാജേഷ്. ആർ |

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം വെഹിക്കിൾ ഹയർ ചാർജ്ജസ് 1ലക്ഷം രൂപയിൽ കവിയുന്ന സംഗതികളിൽ പാൻ കാർഡ് ഉള്ള കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 13/20-21,16.03.22 ന് മറുപടിയായി ആദായ നികുതി കുറവു ചെയ്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. തുക (₹2152) ഈടാക്കി ഒടുക്കു വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-13 വായ്പ പലിശ-കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല

ഐ എ വൈ ഭവന നിർമ്മാണ പദ്ധതിക്കായി മാടായി സർവ്വീസ് സഹകരണ ബാങ്ക് കുപ്പം ശാഖയിൽ നിന്നും 69 ലക്ഷം രൂപയും ഇ എം എസ് ഭവന നിർമ്മാണ പദ്ധതിക്കായി പാപ്പിനിശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 50 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് വായ്പയെടുത്തിരുന്നു. ഐ എ വൈ ഭവന നിർമ്മാണ പദ്ധതിക്കായി 11 ശതമാനം പലിശ നിരക്കിലാണ് വായ്പയെടുത്തത്. ഇതിൽ 10.75% സംസ്ഥാന സർക്കാരും ബാക്കി തുക ബ്ലോക്ക് പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും വഹിക്കണമെന്നാണ് വായ്പയെടുക്കാൻ അനുവദിച്ചു കൊണ്ടുള്ള ഉത്തരവിൽ ( സ ഉ (കൈ) 115/13/എൽ എസ് ജി ഡി/ തീയതി 22.03.13) ൽ വ്യക്തമാക്കിയിരുന്നത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഈ രീതിയിൽ പലിശ കണക്കാക്കിയതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. പലിശ സംബന്ധിച്ച ബാങ്കുകൾ നല്കുന്ന പത്രികകൾ അടിസ്ഥാനമാക്കി കണക്കുകൾ സർക്കാരിലേക്ക് അറിയിക്കുക മാത്രമാണ് ചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്തിനെ പലിശ ബാധ്യതയിൽ നിന്നും ഒഴിവാക്കിയതായുള്ള ഉത്തരവുകളും ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് വിഹിതമായി ഒടുക്കേണ്ടുന്ന പലിശ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തുകയോ വർഷാ വർഷം പലിശ ഒടുക്കുകയോ ചെയ്യാതിരിക്കുന്നത് അപാകമാണ്. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 11/16.03.22 ന് നല്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് പലിശയിനത്തിൽ തുകയൊന്നും ഒടുക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത് . കൃത്യമായ കണക്കുകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-14 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ഓഫീസ് ചെലവുകൾ- അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 73/20 |
| അടങ്കൽ | 250000 |
| ചെലവ് | 207121 |

| ബിൽ നമ്പർ തീയതി | തുക |
|---|---|
| 3/19-20,19.08.19 | 64150 |
| 7/19-20,14.10.19 | 25642 |
| 8/19-20,8.11.19 | 6085 |
| 10/19-20,10.12.19 | 35849 |
| 12/19-20,20.02.20 | 21260 |
| 13/19-20,22.02.20 | 28581 |

| | |
|---|---|
| 14/19-20,22.02.20 | 3901 |
| 16/19-20,11.03.20 | 21653 |
| ആകെ | 207121 |

ഓഫീസ് ചെലവുകൾക്കായി തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായി നടത്തിയ ചെലവുകളിൽ ക്വാർട്ടേർലി റിട്ടേൺസ് ഫയലിംഗ് 8380രൂപ, ടെലഫോൺ ചാർജ്ജ്, സ്റ്റേഷനറി സാധനങ്ങൾ വാങ്ങൽ, ടെണ്ടർ പരസ്യങ്ങൾക്കായുള്ള ചെലവുകൾ (152189രൂപ) എന്നിവ ഉൾപ്പെടുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി നിർവ്വഹണം,മോണിറ്ററിംഗ് എന്ന പ്രോജക്ടിൽ (8/20) 2,50,000രൂപ വികസന ഫണ്ട് വകയിരുത്തി 32895 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് എന്നിരിക്കെ വികസന ഫണ്ട് ഉപയോഗപ്പെടുത്താതെ പദ്ധതി നിർവ്വഹണ ചെലവുകൾക്കായി ഓഫീസ് ചെലവുകൾ നിർവ്വഹിക്കുന്നതിനായി സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടിന്റെ ഫണ്ടിൽ നിന്നും തുക (152189രൂപ) ചെലവഴിച്ചത് ശരിയല്ല.

സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനായി വാർഷിക സ്റ്റോക്ക് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള ആവശ്യകതാ നിർണ്ണയം നടത്തുന്നില്ല എന്നതും അപാകമാണ്. ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെയാണ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. എ4 ഷീറ്റുകൾ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കുകളിലാണ് ലഭ്യമായിട്ടുള്ളത് .

ടോണർ ഫില്ലിംഗ് ചാർജ്ജിനത്തിൽ 2019-20 സാമ്പത്തിക വർഷം 4500രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ റീഫില്ലിംഗിനു ശേഷവും ലഭിക്കാവുന്നതും ലഭിച്ചതുമായ കോപ്പികളുടെ എണ്ണം പരിശോധനാ വിധേയമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ച് നിശ്ചിത എണ്ണം കോപ്പികൾ ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

അപാകങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-15 സി.എച്ച്.സിയിൽ നിയമിക്കപ്പെടുന്ന ഫിസിയോ തെറാപ്പിസ്റ്റിന്റെ വേതനം

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ,സി എച്ച് സി

പ്രൊജക്ടിന്റെ പേര് – ഫിസിയോതെറാപ്പി സേവന പദ്ധതി

പ്രോജക്ട് നമ്പർ – 60/19-20

അടങ്കൽ – 1,57,800

ചെലവ് – 1,41,600

ഒടുവള്ളിത്തട്ട് സി.എച്ച്.സിയിൽ നിലവിലുള്ള ഫിസിയോ തെറാപ്പി യൂണിറ്റിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിതയായ ശ്രീമതി.മഹിന കെ.പി.ക്ക് ദിവസം 600/- നിരക്കിൽ വേതനം നൽകുന്നതിന് 2019-20 വർഷം ₹1,41,600 രൂപ മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം.22/2018/തസ്വഭവ തി:14.2.18 ൽ സി.എച്ച്.സി.സിൽ നിയമിക്കപ്പെടുന്ന ഫിസിയോ തെറാപ്പിസ്റ്റിന്റെ വേതനം നൽകുന്നതിനെപ്പറ്റി പരാമർശമില്ല.അതിനാൽ ഫിസിയോതെറാപ്പിസ്റ്റിന്റെ വേതനം നൽകുന്നതിന് ഉചിതമായ മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തുകയോ നിയമനത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി സർക്കാരിൽ നിന്നും അനുമതി വാങ്ങുകയോ ചെയ്യേണ്ടതാണ്.

## 1-16 ക്ഷീരകർഷകർക്ക് പാൽ വില സബ്സിഡി വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ – ഡയറിഎക്സ്റ്റൻഷൻഓഫീസർ,തളിപ്പറമ്പ്

പ്രൊജക്ടിന്റെപേര് – ക്ഷീരകർഷകർക്ക് പാൽ വില സബ്സിഡി വിഹിതം നൽകൽ

പ്രൊജക്ട് നമ്പർ-32/20

അടങ്കൽ

വികസനഫണ്ട്-2500000

ചെലവ്-2500000

ബിൽനം./തീയ്യതി/തുക-1/19-20/27.7.19/875000/-

2/19-20/26.8.19/795000

3/19-20/26.8.19/830000

മേൽ പദ്ധതിയുടെ ഭാഗമായി 9 ഗ്രാമ പഞ്ചായത്തുകൾക്ക് (നടുവിൽ,ചപ്പാരപ്പടവ്, ചെങ്ങളായി,കുറുമാത്തൂർ, പരിയാരം, പട്ടുവം,കടന്നപ്പള്ളി പാണപ്പുഴ ,ആലക്കോട്, ഉദയഗിരി) പാൽ വില സബ്സിഡി വിഹിതം അനുവദിച്ചിട്ടുണ്ട്. കുറുമാത്തൂർ,

പരിയാരം, പട്ടുവം,കടന്നപ്പള്ളി പാണപ്പുഴ ,ആലക്കോട്, ഉദയഗിരി,നടുവിൽ എന്നീ പഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യത്രം ഹാജരാക്കിയിട്ടുണ്ട് . അവശേഷിക്കുന്ന പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | ലഭ്യമായ തുക | വിനിയോഗിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| നടുവിൽ | 638000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | - |
| ചെങ്ങളായി | 100000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി | 4890 |
| ചപ്പാരപ്പടവ് | 180000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | - |

മേൽ അപാകങ്ങൾ സംബന്ധിച്ച് 15.3.22 ന് നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബന്ധപ്പെട്ട സെക്രട്ടറിമാരോട് വിനിയോഗ സർട്ടിഫിക്കറ്റ്ഹാജരാക്കുന്നതിന് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നടുവിൽ, ചപ്പാരപ്പടവ് എന്നീ പഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യത്രം ലഭ്യമാക്കിയ വിവരവും , ചെങ്ങളായി ഗ്രാമപഞ്ചായത്തിന് നല്കിയ 100000രൂപയിൽ വിനിയോഗിക്കാത്ത 4890 രൂപ സഞ്ചിതനിധിയിലേക്ക് അടവാക്കിയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 വനിതാ പശുവളർത്തൽ യൂണിറ്റ് - പദ്ധതി അപാകങ്ങൾ -787500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ്

പ്രൊജക്റ്റിന്റെ പേര് : വനിതാ പശുവളർത്തൽ യൂണിറ്റ്

പ്രൊജക്റ്റ് നമ്പർ - 34/19-20

അടങ്കൽ തുക : ₹2062500 വികസന ഫണ്ട്

ചെലവ് : ₹787500

ബിൽ നമ്പർ/തീയ്യതി : 5/19.3.20/₹262500

6/19.3.20/₹262500

7/19.3.20/₹262500

ആകെ ₹787500

മേൽ പദ്ധതി പ്രകാരം തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന വിവിധ പഞ്ചായത്തുകളിലെ 5വനിതാ അംഗങ്ങൾ അടങ്ങിയ 6 ഗ്രൂപ്പുകൾക്കാണ് തുക നൽകിയിട്ടുള്ളത്. ഓരോ അംഗത്തിനും ഒരു കറവപശുവിനെ വാങ്ങുന്നതിനായി പശു ഒന്നിന് 25000 രൂപ പ്രകാരം 1 ഗ്രൂപ്പിന് 125000 രൂപ വെച്ച് 3 ഗ്രൂപ്പുകൾക്ക് (സൌഹൃദ ജെ.എൽ.ജി, വിനയ ജെ.എൽ.ജി, വിസ്മയ ജെ.എൽ.ജി) 375000 (125000x3) രൂപയും, പശു ഒന്നിന് 27500എന്ന തോതിൽ 1 ഗ്രൂപ്പിന് 137500 രൂപ വെച്ച് 3 ഗ്രൂപ്പുകൾക്ക് (ജയമാത ജെ.എൽ.ജി, ശ്രേയസ് ജെ.എൽ.ജി, അനുഗ്രഹ ജെ.എൽ.ജി) 412500 (137500x3) രൂപയും കൂടി ആകെ 787500 രൂപ (375000 + 412500 ) ബാക്ക് എന്റ് സബ്സിഡിയായി വിവിധ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. ഗ്രൂപ്പ് സംരംഭത്തിന് ധനസഹായം നൽകുന്നതിനാണ് പ്രൊജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും വ്യക്തിഗത സംരംഭം എന്ന നിലയ്ക്കാണ് പ്രൊജക്റ്റ് നടപ്പാക്കിയിട്ടുള്ളത്.

യൂണിറ്റായി പ്രവർത്തിക്കുന്നില്ലെന്നും പശുക്കളെ ഓരോ വ്യക്തികളും അവരവരുടെ വീട്ടുകളിലാണ് വളർത്തുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. മേൽ പദ്ധതി കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടിക 172ാം വകുപ്പ് 1ാം ഉപവകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ ഉൾപ്പെട്ടതല്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ , ഗ്രൂപ്പുകൾ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് , പദ്ധതി ബ്ലോക്ക് തലത്തിൽ ഏറ്റെടുത്തതിന്റെ അടിസ്ഥാനം, സബ്സിഡി അനുവദിച്ചതിന്റെ മാനദണ്ഡം, മോണിറ്ററിംഗ് സമിതി തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതിനായി 17.3.22 ന് നൽകിയ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 787500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 നെൽകൃഷിക്ക് കൂലിചെലവ് വിഹിതം - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി അസിസ്റ്റന്റ് ഡയറക്ടർ,തളിപ്പറമ്പ

പ്രോജക്ടിന്റെ പേര് - നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ.

പ്രോജക്ട് നം.- 7/19-20

അടങ്കൽ - 9843000 (വികസനഫണ്ട് -3281000, ഗ്രാമപഞ്ചായത്ത്- 3281000

മറ്റുള്ളവ - 3281000)

ചെലവ് - 2992000(വികസനഫണ്ട് )

ബിൽ നം/തീയ്യതി/തുക – 3/19-20/29.7.19/586000

4/19-20/29.7.19/995000

6/19-20/1.8.19/527000

8/19-20/14.8.19/425000

10/19-20/2.9.19/416500

15/19-20/11.10.19/42500
ആകെ – 2992000

മേൽ പദ്ധതിയുടെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് നെൽകൃഷിക്ക് കൂലിചെലവ് വിഹിതം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര്. | അനുവദിച്ച തുക |
|---|---|---|
| 1 | ചപ്പാരപ്പടവ് | 42500 |
| 2 | ചെങ്ങളായി | 416500 |
| 3 | കടന്നപ്പള്ളി പാണപ്പുഴ | 425000 |
| 4 | പട്ടുവം | 527000 |
| 5 | കുറുമാത്തൂർ | 425000 |
| 6 | പരിയാരം | 1156000 |
| | ആകെ | 2992000 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടത് സംബന്ധിച്ച് 21.3.22 ന് നൽകിയ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും, മുഴവൻ തുകയും വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരിച്ചടച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-19 പച്ചക്കറി കൃഷിക്ക് കൂലിചെലവ് വിഹിതം -ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി അസിസ്റ്റന്റ് ഡയറക്ടർ,തളിപ്പറമ്പ

പ്രോജക്ടിന്റെ പേര് - പച്ചക്കറി കൃഷിക്ക് കൂലിചെലവ് വിഹിതം നൽകൽ.

പ്രോജക്റ്റ് നം.- 134/19-20

അടങ്കൽ - 872500 (വികസനഫണ്ട് -284750, ഗ്രാമപഞ്ചായത്ത്- 334750, മറ്റുള്ളവ - 253000)

ചെലവ് - 284750(വികസനഫണ്ട് )

ബിൽ നം/തീയ്യതി/തുക – 2/19-20/29.7.19/12750

7/19-20/1.8.19/42500

9/19-20/14.8.19/51000

11/19-20/2.9.19/51000

13/19-20/18.9.19/119000

16/19-20/10.10.19/8500
ആകെ – 284750/-

മേൽ പദ്ധതിയുടെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് പച്ചക്കറി കൃഷിക്ക് കൂലിചെലവ് വിഹിതം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര്. | അനുവദിച്ച തുക |
|---|---|---|
| 1 | ചപ്പാരപ്പടവ് | 8500 |
| 2 | ചെങ്ങളായി | 51000 |
| 3 | കടന്നപ്പള്ളി പാണപുഴ | 51000 |
| 4 | പട്ടുവം | 42500 |
| 5 | കുറുമാത്തൂർ | 12750 |
| 6 | ആലക്കോട് | 119000 |
| | ആകെ | 284750 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടത് സംബന്ധിച്ച് 21.3.22 ന് നൽകിയ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും, മുഴവൻ തുകയും വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരിച്ചടച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-20 പട്ടുവം കൈപ്പാട് കൃഷിക്ക് ധനസഹായം - വിനിയോഗ സാക്ഷ്യപത്രം

ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി അസിസ്റ്റന്റ് ഡയറക്ടർ,തളിപ്പറമ്പ

പ്രോജക്ടിന്റെ പേര് - പട്ടുവം കൈപ്പാട് കൃഷിക്ക് ധനസഹായം

പ്രോജക്ട് നം.- 13/19-20

അടങ്കൽ – ₹1596000(വികസനഫണ്ട് -₹500000, ഗ്രാമപഞ്ചായത്ത്- ₹96000

മറ്റുള്ളവ - ₹1000000)

ചെലവ് - ₹500000(വികസനഫണ്ട് )

ബിൽ നം/തീയ്യതി/തുക – 5/19-20/1.8.19/₹500000

പട്ടുവം ഗ്രാമപഞ്ചായത്തിന് നൽകിയ 500000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടത് സംബന്ധിച്ച് 21.3.22 ന് നൽകിയ 17ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് സഞ്ചിതനിധിയിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഒടുവള്ളിത്തട്ട് സി.എച്ച്.സി യിലെ ഐ.പി കെട്ടിടത്തിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ-അപാകങ്ങൾ-1050800രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി എച്ച് സി |
| പ്രോജക്റ്റ് നം | 59/19-20 |
| അടങ്കൽ | 10,50,800 മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) |
| ചെലവ് | 10,50,800 |
| ബിൽ നം./തിയതി | 16/19-20 തി:7.12.19 |

ഒടുവള്ളിത്തട്ട് സി.എച്ച്.സി യിലെ ഐ.പി കെട്ടിടത്തിൽ 8KW സോളാർ പവർ പ്ലാന്റ്(ഓഫ് ഗ്രിഡ് ടൈപ്പ് എ-7200Wh/KW) സ്ഥാപിക്കുന്നതിനായി അനെർട്ടിൽ ₹10,50,800 ഡെപോസിറ്റ് ചെയ്തിട്ടുണ്ട്.അനെർട്ട് ഇതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയുണ്ടായി. കുറഞ്ഞ ടെണ്ടർ ലഭിച്ചത് ₹12,73,600 ആയതിനാൽ അനെർട്ടിന്റെ മെഡിക്കൽ ഓഫീസർക്കുള്ള 20.3.20 ലെ കത്ത് പ്രകാരം പ്ലാന്റ് കപ്പാസിറ്റി,എസ്റ്റിമെറ്റ് എന്നിവയിൽ കുറവുള്ള മറ്റു രണ്ട് ഓപ്ഷനുകൾ നൽകുകയുണ്ടായി. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 22.6.20 ലെ 60/2020 നം തീരുമാനപ്രകാരം പവർ പ്ലാന്റ് 8KW(5KW+3KW) ആയി തന്നെ അധിക ഡെപോസിറ്റ് ഇല്ലാതെ MNRE-subsidy Scheme ൽ ഉൾപ്പെടുത്തി നടത്തുന്നതിന് തീരുമാനിച്ചു.M/S POWER ONE MICROSYSTEMS Pvt.Ltd ന് അനെർട്ട് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെക്കാട്ടുത്തിരിക്കുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

A) 5KW പവർ പ്ലാന്റിന്റെ കംപ്ലീഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.കമ്മീഷൻ ചെയ്ത തീയതി വ്യക്തമല്ല.

B) പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ചെലവായ ആകെ തുക എത്രയെന്ന് വ്യക്തമല്ല.

C) MNRE Subsidy ലഭ്യമായിട്ടില്ല.

D) മേൽ പ്ലാന്റ് സ്ഥാപിച്ചതുകൊണ്ട് വൈദ്യുതി ചാർജ് ഇനത്തിൽ വന്ന കുറവ് എത്രയെന്ന് വ്യക്തമല്ല.

E)പ്രവൃത്തി പൂർത്തിയായ ശേഷം ₹80858 തിരിച്ചു നൽകുന്നതിനായി അനെർട്ട് സെക്രട്ടറിക്ക് കത്ത് അയച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
എംഎൻആർ ഇ സബ്സിഡി ലഭിക്കുന്നതിനുള്ള നടപടികൾ അനർട്ട് മുഖേന സ്വീകരിക്കേണ്ടതും പദ്ധതിച്ചെലവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. 1050800രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 5/14.3.22 ന് മറുപടി നൽകാൻ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-22 സി.എച്ച്.സി യിലെ ഡോക്ടർ,ഫാർമസിസ്റ്റ്,ലാബ്ടെക്നീഷ്യൻ എന്നിവർക്ക് മെയിന്റനൽസ് ഫണ്ടിൽ നിന്നും വേതനം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി എച്ച് സി

സ.ഉ.(സാധാ) നം.2096/2017/തസ്വഭവ തി:21.6.17, ഖ.2 പ്രകാരം സി.എച്ച്.സി. യിൽ നിയമിതരായ ഡോക്ടർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വികസന ഫണ്ട്/തനത് ഫണ്ട് എന്നിവയിൽ നിന്ന് വേതനം നൽകാവുന്നതാണ്. എന്നാൽ മെയിന്റനൻസ് ഫണ്ട്(റോഡിതരം) ൽ നിന്നാണ് വേതനം നൽകിയിരിക്കുന്നത്. കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക്(നം 5/14.3.22)അടിയന്തര പ്രാധാന്യമുള്ളതിനാലും മറ്റു ഫണ്ടുകൾ ലഭിക്കാത്തതിനാലുമാണ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചതെന്നും 2021-22 വർഷം മുതൽ വികസന ഫണ്ടിൽ നിന്നുമാണ് തുക വകയിരുത്തുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സബ്സിഡി - അധികമായി അനവദിച്ച ₹2500 തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ. |
| പ്രോജക്ടിന്റെ നമ്പരും പേരും | 155/20 വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സബ്സിഡി |
| അടങ്കൽ | ₹2,60,000വികസനഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | ₹ 1,30,000 |
| ബിൽ നമ്പർ/ തീയ്യതി | 7/19.03.2020 |

ഉദയഗിരി ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ വരമൊഴി സ്വയം സഹായ ഗ്രൂപ്പിന് ഹോളോബ്രിക്സ് യൂനിറ്റ് ആരംഭിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികൾക്ക് ആവശ്യമായ സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ നിർമ്മിച്ച നൽകുന്നതിനും 14.02.2019 ന് കണ്ണൂർ ഡിസ്ട്രിക്ട് കൊ-ഓപ് ബാങ്കിൽ നിന്നും ₹1,50,000 വായ്പ അനുവദിച്ചിട്ടുള്ളതിന് ആനുപാതിക സബ്സിഡിയായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ₹ 1,30,000 നൽകിയിട്ടുണ്ട്.
സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം22/2018/തസ്വഭവ/14.02.2018 6.4. 4 പ്രകാരം ലോൺ തുകയുടെ 85% ആയ ₹1,27,500 ആണ് സബ്സിഡിയായി അനുവദിക്കാവുന്നത്. ആയതിന് വിരുദ്ധമായി ₹ 1,30,000 നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/11-03-2022 ) മറുപടിയായി തെറ്റിദ്ധാരണമൂലമാണ് ₹2500 അധികമായി നൽകാനിടയായതെന്നും ആയത് തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ തുക തിരികെ ഈടാക്കി സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

സംരംഭം ആരംഭിച്ച് 6 മാസം കഴിഞ്ഞ് ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പുകൾക്കാണ് ഈ രീതിയിൽ ധനസഹായം അനുവദിക്കാവുന്നത്. സ്വയം സഹായ ഗ്രൂപ്പ് പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണ് എന്നും ഗ്രേഡിംഗ് നടത്തിയത് എപ്പോഴാണ് എന്നും വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കുന്നതിന് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും മുകളിൽ പരാമർശിച്ച രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-24 ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കാതെ തുക അനുവദിച്ചത്-അധികമായി നൽകിയ ₹41845 തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന റോഡ് പ്രവൃത്തി പൂർത്തീകരിച്ച് തുക അനുവദിക്കുമ്പോൾ ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കാതെയാണ് തുക അനുവദിച്ചത്.
റോഡ് നിർമ്മാണത്തിന് Packed Bitumen Rates ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും നടപ്പിലാക്കിയിരിക്കുന്നതുംഎന്നിരിക്കെ ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കാതെ തുക അനുവദിച്ചതിലൂടെ വിവിധ കരാറുകാർക്ക് താഴെ കൊടുത്തിരിക്കുന്ന പ്രകാരം അധികമായി അനുവദിച്ച ₹41845 തിരികെ ഈടാക്കി,ജിഎസ് ടി ബന്ധപ്പെട്ട ഫണ്ടിലേക്കും ബാക്കി തുക അതാത് ഫണ്ടുകളിലേക്കും ഒടുക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/19.03.22) ഹാജരാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം | പ്രൊജക്റ്റ് നം/ പേര് | ബിൽ നം /ചെലവ്തുക | എം ബുക്ക് നം | കരാറുകാരന്റെ പേര് | താർ ബാരലുകളുടെ എണ്ണം | ഒഴിഞ്ഞ ബാരലിന്റെ വില GST ഉൾപ്പെടെ 238X118% |
|---|---|---|---|---|---|---|
| 1 | 109/20 കല്ലുവനം പാത്തി കനകകുണ്ട് മണ്ണംകുന്ന് പൊന്മല റോഡ് ടാറിംഗ് (വികസന ഫണ്ട് (ജ) | 9/31.5.19-380645 | 19/18-19 | എൻ സി കുര്യോക്കോസ് | 15 | 4213 |
| 2 | 103/20 പാറോത്തുമല പേരുമുണ്ട റോഡ് ടാറിംഗ് | 19/22.09.20-733811 | 7/18-19 | എൻ സി സെബാസ്റ്റ്യൻ | 10 | 2808 |
| 3 | 110/20 തൊമ്മരക്കാട് കിളിർക്കുന്ന് റോഡ് ടാറിംഗ് | 20/22.06.19-736250 | 6/18-19 | എൻ സി സെബാസ്റ്റ്യൻ | 13 | 3651 |
| 4 | 99/20 പുറത്തൊടി ഓർക്കയം കരുണാപുരം റോഡ് ടാറിംഗ് | 18/24.06.19-758976 | 16/18-19 | പി പി ബാലകൃഷ്ണൻ | 7 | 1966 |
| 5 | 169/മുന്നൂർ കൊച്ചി പാലം റോഡ് ടാറിംഗ് | 21/29.06.19 483296 | 45/18-19 | സജി സെബാസ്റ്റ്യൻ | 6 | 1685 |
| 6 | 108/20 ആലത്തട്ട് വായാളം റോഡ് ടാറിംഗ് | 14/31.05.19 357614 | 57/18-19 | പി പി ബാലകൃഷ്ണന് | 10 | 2808 |
| 7 | 101/20 മുള്ളൂൽ മേലെ വയൽ റോഡ് ടാറിംഗ് | 17/31.05.19 283772 | 30/18-19 | പി പ്രഭാകരൻ | 8 | 2247 |
| 8 | 98/20ചന്തപ്പുര കളക്കാംതോട് ചുടലറോഡ് ടാറിംഗ് | 25/25.07.19 748189 | 18/18-19 | പ്രത്യു ബാബു കെ വി | 13 | 3651 |
| 9 | 111/20 കാഞ്ഞിരങ്ങാട് കാർക്ക വായനശാല അമ്പലം റോഡ് | 15/31.05.19 ₹ 543988 | 2/18-19 | എൻ സി കുര്യാക്കോസ് | 12 | 3370 |
| 10 | 95/20 പനക്കാട് കുണ്ടം റോഡ് ടാറിംഗ്. | 16/31.05.19 364491 | 3/18-19 | എൻ സി കുര്യാക്കോസ് | 6 | 1685 |

| | | | | | | |
|---|---|---|---|---|---|---|
| 11 | 105/20 ആലക്കോട് മൊറാനി ബൈപാസ് റോഡ് ടാറിംഗ് | 12/31.05.19 335774 | 5/18-19 | എൻ സി സെബാസ്റ്റ്യൻ | 15 | 4213 |
| 12 | 96/20കീരിയാട് വായനശാല കടവ് റോഡ് ടാറിംഗ് | 10/31.05.19 363396 | 4/18-19 | എൻ സി കുര്യാക്കോസ് | 10 | 2808 |
| 13 | 100/20 പെരുവട്ടം കോളനി കൊളത്തുവയൽ റോഡ് ടാറിംഗ് | 8/31.05.19 260647 | 08/18-19 | എൻ സി സെബാസ്റ്റ്യൻ | 6 | 1685 |
| 14 | 104/19-20 ചെങ്ങളായി കനം പെരിയമല റോഡ് ടാറിംഗ് | 26/25.07.19 770981 | 36/18-19 | കെ പി രാധാകൃഷ്ണൻ | 13 | 3651 |
| 15 | 12/20മഞ്ചൽ മുണ്ടേരി എടപ്പാക്കളം റോഡ് ടാറിംഗ് | 44/17.03.20 299939 | 08/19-20 | പട്ടുവം കൺസ്ട്രക്ഷൻ എൽ എൽ പി | 5 | 1404 |
| ആകെ | | | | | | 41845 |

തുക തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 വിവിധ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണം- പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2019-20 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർമ്മാണം പൂർത്തിയാക്കിയ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശവും നിർമ്മിച്ച കെട്ടിടങ്ങളുടെ നടത്തിപ്പിനുള്ള ഉത്തരവാദിത്തം ആർക്കാണ് അനുവദിച്ചു നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കുന്ന രേഖകളും ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട സ്ഥലത്താണ് നിർമ്മിച്ചിട്ടുള്ളത് എങ്കിൽ ആയതിന് പഞ്ചായത്ത് നൽകിയ അനുമതി പത്രം ,ഗ്രാമപഞ്ചായത്ത് തീരുമാനം നമ്പർ തീയതി എന്നിവയും ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (14/19.03.22) നൽകിയെങ്കിലും മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കുകയുണ്ടായില്ല. ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പ്രൊജക്ട് നം/ പേര് |
|---|---|
| 1 | 141/20ഫിനിക്സ് എസ് എച്ച് ജി പൂർത്തീകരണം , കുറുമാത്തൂർ |
| 2 | 171/20 മാവിച്ചേരി പാടശ്ശേഖര സമിതി കെട്ടിട നിർമ്മാണം, പരിയാരം |
| 3 | 162/20 തലോറ പാടശ്ശേഖര സമിതി കെട്ടിട നിർമ്മാണം പൂർത്തീകരണ പ്രവൃത്തികൾ പരിയാരം |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് ഗ്രാന്റ്-അധികം തുക നൽകി-₹5000 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നം | 9/19-20 |
| അടങ്കൽ | 23,50,000 വികസന ഫണ്ട് (ടി.എസ്.പി) |
| ചെലവ് | 23,50,000 |
| ബിൽ നം./തീയതി | 1/20-21 തീ: 22.08.19-7,65,000 |

സ.ഉ(കൈ)നം.22/2018/തസ്വഭവ തി:14.2.18 ഖ.7.2.5 പ്രകാരം ബിരുദവിദ്യാർത്ഥികൾക്ക് ₹20,000 ആണ് പ്രതിവർഷം സ്കോളർഷിപ്പായി നൽകേണ്ടത്. എന്നാൽ നടുവിൽ ഗ്രാമ പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അമൽദേവ് സി.വി എന്ന കേരളാ യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സയൻസിൽ രണ്ടാം സെമസ്റ്റർ B.F.SC. വിദ്യാർത്ഥിയ്ക്ക് ₹25,000 ആണ് 2019-20 വർഷം സ്കോളർഷിപ്പ് ആയി അനുവദിച്ചിരിക്കുന്നത്. അധികം നൽകിയ ₹5000-യുടെ ചെലവ് നിരാകരിക്കുന്നു. മേൽ അപാകം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക്(7/14/3/22) തുക തിരിച്ചടക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക തിരിച്ചു പിടിച്ച് സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

### 3-2 വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സബ്സിഡി - അധികമായി അനുവദിച്ച ₹2500 തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ. |
| പ്രോജക്ടിന്റെ നമ്പരും പേരും | 155/20 വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സബ്സിഡി |
| അടങ്കൽ | ₹2,60,000വികസനഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | ₹ 1,30,000 |
| ബിൽ നമ്പർ/ തീയ്യതി | 7/19.03.2020 |

ഉദയഗിരി ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ വരമൊഴി സ്വയം സഹായ ഗ്രൂപ്പിന് ഹോളോബ്രിക്സ് യൂനിറ്റ് ആരംഭിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികൾക്ക് ആവശ്യമായ സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ നിർമ്മിച്ചു നൽകുന്നതിനും 14.02.2019 ന് കണ്ണൂർ ഡിസ്ട്രിക്ട് കൊ-ഓപ് ബാങ്കിൽ നിന്നും ₹1,50,000 വായ്പ അനുവദിച്ചിട്ടുള്ളതിന് ആനുപാതിക സബ്സിഡിയായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ₹ 1,30,000 നൽകിയിട്ടുണ്ട്.
സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം22/2018/തസ്വഭവ/14.02.2018 6.4. 4 പ്രകാരം ലോൺ തുകയുടെ 85% ആയ ₹1,27,500 ആണ് സബ്സിഡിയായി അനുവദിക്കാവുന്നത്. ആയതിന് വിരുദ്ധമായി ₹ 1,30,000 നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/11-03-2022 ) മറുപടിയായി തെറ്റിദ്ധാരണമൂലമാണ് ₹2500 അധികമായി നൽകാനിടയായതെന്നും ആയത് തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ തുക തിരികെ ഈടാക്കി സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

സംരംഭം ആരംഭിച്ച് 6 മാസം കഴിഞ്ഞ് ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പുകൾക്കാണ് ഈ രീതിയിൽ ധനസഹായം അനുവദിക്കാവുന്നത്. സ്വയം സഹായ ഗ്രൂപ്പ് പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണ് എന്നും ഗ്രേഡിംഗ് നടത്തിയത് എപ്പോഴാണ് എന്നും വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കുന്നതിന് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടുവെങ്കിലും

ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും മുകളിൽ പരാമർശിച്ച രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 3-3 ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കാതെ തുക അനുവദിച്ചത്-അധികമായി നൽകിയ ₹41845 തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന റോഡ് പ്രവൃത്തി പൂർത്തീകരിച്ച് തുക അനുവദിക്കുമ്പോൾ ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കാതെയാണ് തുക അനുവദിച്ചത്.

റോഡ് നിർമ്മാണത്തിന് Packed Bitumen Rates ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും നടപ്പിലാക്കിയിരിക്കുന്നതുംഎന്നിരിക്കെ ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കാതെ തുക അനുവദിച്ചതിലൂടെ വിവിധ കരാറുകാർക്ക് താഴെ കൊടുത്തിരിക്കുന്ന പ്രകാരം അധികമായി അനുവദിച്ച ₹41845 തിരികെ ഈടാക്കി,ജിഎസ് ടി ബന്ധപ്പെട്ട ഫണ്ടിലേക്കും ബാക്കി തുക അതാത് ഫണ്ടുകളിലേക്കും ഒടുക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/19.03.22) ഹാജരാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം | പ്രൊജക്റ്റ് നം/ പേര് | ബിൽ നം /ചെലവ്തുക | എം ബുക്ക് നം | കരാറുകാരന്റെ പേര് | താർ ബാരലുകളുടെ എണ്ണം | ഒഴിഞ്ഞ ബാരലിന്റെ വില GST ഉൾപ്പെടെ 238X118% |
|---|---|---|---|---|---|---|
| 1 | 109/20 കല്ലുവനം പാത്തി കനകകുണ്ട് മണ്ണംകുന്ന് പൊന്മല റോഡ് ടാറിംഗ് (വികസന ഫണ്ട് (ജ) | 9/31.5.19-380645 | 19/18-19 | എൻ സി കുര്യാക്കോസ് | 15 | 4213 |
| 2 | 103/20 പാറോത്തുമല പേരുമുണ്ട റോഡ് ടാറിംഗ് | 19/22.09.20-733811 | 7/18-19 | എൻ സി സെബാസ്റ്റ്യൻ | 10 | 2808 |
| 3 | 110/20 തൊമ്മരക്കാട് കിളിർക്കുന്ന് റോഡ് ടാറിംഗ് | 20/22.06.19-736250 | 6/18-19 | എൻ സി സെബാസ്റ്റ്യൻ | 13 | 3651 |
| 4 | 99/20 പുറത്തൊടി ഓർക്കയം കരുണാപുരം റോഡ് ടാറിംഗ് | 18/24.06.19-758976 | 16/18-19 | പി പി ബാലകൃഷ്ണൻ | 7 | 1966 |
| 5 | 169/മുന്നൂർ കൊച്ചി പാലം റോഡ് ടാറിംഗ് | 21/29.06.19 483296 | 45/18-19 | സജി സെബാസ്റ്റ്യൻ | 6 | 1685 |
| 6 | 108/20 ആലത്തട്ട് വായാളം റോഡ് ടാറിംഗ് | 14/31.05.19 357614 | 57/18-19 | പി പി ബാലകൃഷ്ണന് | 10 | 2808 |

| | | | | | | |
|---|---|---|---|---|---|---|
| 7 | 101/20 മുള്ളൽ മേലെ വയൽ റോഡ് ടാറിംഗ് | 17/31.05.19 283772 | 30/18-19 | പി പ്രഭാകരൻ | 8 | 2247 |
| 8 | 98/20ചന്തപ്പുര കളക്കാംതോട് ചുടലറോഡ് ടാറിംഗ് | 25/25.07.19 748189 | 18/18-19 | പ്രത്യു ബാബു കെ വി | 13 | 3651 |
| 9 | 111/20 കാഞ്ഞിരങ്ങാട് കാർക്ക വായനശാല അമ്പലം റോഡ് | 15/31.05.19 ₹ 543988 | 2/18-19 | എൻ സി കുര്യാക്കോസ് | 12 | 3370 |
| 10 | 95/20 പനക്കാട് കുണ്ടം റോഡ് ടാറിംഗ്. | 16/31.05.19 364491 | 3/18-19 | എൻ സി കുര്യാക്കോസ് | 6 | 1685 |
| 11 | 105/20 ആലക്കോട് മൊറാനി ബൈപാസ് റോഡ് ടാറിംഗ് | 12/31.05.19 335774 | 5/18-19 | എൻ സി സെബാസ്റ്റ്യൻ | 15 | 4213 |
| 12 | 96/20കീരിയാട് വായനശാല കടവ് റോഡ് ടാറിംഗ് | 10/31.05.19 363396 | 4/18-19 | എൻ സി കുര്യാക്കോസ് | 10 | 2808 |
| 13 | 100/20 പെരുവട്ടം കോളനി കൊളത്തുവയൽ റോഡ് ടാറിംഗ് | 8/31.05.19 260647 | 08/18-19 | എൻ സി സെബാസ്റ്റ്യൻ | 6 | 1685 |
| 14 | 104/19-20 ചെങ്ങളായി കനം പെരിയമല റോഡ് ടാറിംഗ് | 26/25.07.19 770981 | 36/18-19 | കെ പി രാധാകൃഷ്ണൻ | 13 | 3651 |
| 15 | 12/20മഞ്ചൽ മുണ്ടേരി എടപ്പാക്കളം റോഡ് ടാറിംഗ് | 44/17.03.20 299939 | 08/19-20 | പട്ടുവം കൺസ്ട്രക്ഷൻ എൽ എൽ പി | 5 | 1404 |
| ആകെ | | | | | | 41845 |

തുക തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 07.03.22,11.03.22 | നം.കെ.എസ്.എ/കെ.എൻ.ആർ. /സി.3/429/22 തീയതി: 25.05.2022 |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്കായി ലഭിച്ച വിഹിതങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ യാതൊരു രേഖയും ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇത്തരത്തിൽ ലഭിക്കുന്ന തുക പ്രോജക്റ്റുകളുടെ ഭാഗമാക്കുന്നില്ല എന്നതും അപാകമാണ്. അതുകൊണ്ടു തന്നെ സുലേഖ ചെലവു പത്രിക പ്രകാരമുള്ള കണക്കുകളും കൃത്യമല്ല.

ഗ്രാമപഞ്ചായത്ത് വിഹിതമായി ഓഡിറ്റ് വർഷം 211588രൂപ ലഭിച്ചതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുന്നിരിപ്പ് 1082529രൂപയും നീക്കിയിരിപ്പ് 1181087രൂപയുമാണ്. ചെലവു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

ജില്ലാ പഞ്ചായത്ത് വിഹിതമായി 9507256രൂപ മുന്നിരിപ്പും 7882541രൂപ നീക്കിയിരിപ്പും ഉള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതാവശ്യങ്ങൾക്കാണ് തുക ലഭിച്ചതെന്നോ ചെലവഴിച്ചതെന്നോ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെയും തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം.,തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | 59/20 ഒട്ടുവള്ളിത്തട്ട് സി എച്ച് സി യിലെ ഐ പി ബ്ലോക്ക് കെട്ടിടത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ | 16/07.12.2019 | 10,50,800 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ , വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന നിർമ്മാണ പദ്ധതി (പാപ്പിനിശ്ശേരി കോ ഓപ്പറേറ്റീവ് | ലഭ്യമല്ല | 50,00,000 | 854341 | 356920 | | 497421 |

| | | | | | | |
|---|---|---|---|---|---|---|
| റൂറൽ ബാങ്ക്) | | | | | | |
| ഐ എ വൈ ഭവനനിർമ്മാണ പദ്ധതി(മാടായി കോഓപ്പറേറ്റീവ് റൂറൽ ബാങ്ക്, കുപ്പം ശാഖ | ജി ഒ (എം എസ്) 90/12/എൽ എസ് ജി ഡി തീയതി 14.03.13 | 6900000 | 2700000 | 700000 | | 2000000 |
| | | | 35,54,341 | 10,56,920 | | 24,97,421 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കുകയോ ഓഡിറ്റ് റിക്കവറി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 17 | 2004-05 | 3.13.11.2 | സർക്കാർ നിർദേശത്തിന് വിരുദ്ധമായ ചെലവ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരങ്ങൾ

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,51,05,911 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,64,80,157 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 49345 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1838300 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-11(3-1) | | 5000 | ശ്രീ.ഗോപാലകൃഷ്ണൻ പി വി. പട്ടിക വർഗ്ഗ വികസന ഓഫീസർ |
| 1-23(3-2) | | 2500 | ശ്രീമതി.ദീപ്തി സി കെ, വ്യവസായ വികസന ഓഫീസർ |
| 1-24(3-3) | | 41845 | ശ്രീമതി. റോസ്‌ലിജി.സി.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | ₹49,345 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 787500 | ശ്രീമതി.മിനിമോൾ.ഡി.കെ, ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ |
| 1-21 | 1050800 | ഡോ.സ്നേഹലത പോള , മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| | ₹1838300 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-12 | 2152 | ശ്രീ.ബാലകൃഷ്ണൻ കെ.എം., അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഗോപാലകൃഷ്ണൻ പി വി. പട്ടിക വർഗ്ഗ വികസന ഓഫീസർ | എം.ആർ.എസ്, പട്ടുവം | പുതിയ വീട്ടിൽ ഹൌസ്, കണ്ടക്കൈ, ചെങ്ങളായി |
| ശ്രീമതി.ദീപ്തി.സി.കെ, വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ, ചെങ്ങന്നൂർ ബ്ലോക്ക് | ദീപിക, തനത്തെട്ടി, പോരുവഴി, കൊല്ലം |
| ശ്രീമതി. റോസ്‌ലിജി.സി.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | തടത്തിൽ , വെള്ളാട്(പിഒ),ആശാൻ കവല |

| | | |
|---|---|---|
| ശ്രീമതി.മിനിമോൾ.ഡി.കെ, ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ | ക്ഷീരവികസന ഓഫീസർ,ഡയറി ട്രെയിനിംഗ് സെന്റർ, പട്ടം പാലസ് , തിരുവനന്തപുരം | പുലരി, ടി സി 19/886,കെആർആർഎ204എൽ, പ്രകാശ് നഗർ, കേശവദാസ് റോഡ്, പൂജപ്പുര-691509 |
| ഡോ.സ്നേഹലത പോള , മെഡിക്കൽ ഓഫീസർ, സി എച്ച് സി | മെഡിക്കൽ ഓഫീസർ, സി എച്ച് സി, ഒട്ടവള്ളിത്തട്ട് | പോളഹൌസ്, നിയർ സി എച്ച് സി പാപ്പിനിശ്ശേരി, കണ്ണൂർ |
| ശ്രീ.ബാലകൃഷ്ണൻ കെ.എം., അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല |

എഫ്) ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടച്ച തുകയുടെ വിവരങ്ങൾ:

| ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി | വിഷയം | തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചലാൻ നമ്പർ/തീയതി |
|---|---|---|---|---|
| 11/19-20 /19.03.2022 | പ്രൊജക്ട് നമ്പർ 66/20, ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് പെനാൾട്ടി – ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തുക നൽകിയത് | 45527 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | KL026736267202122/22.03.2020 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2001-02 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 4 |
| 2002-03 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 5 |
| 2003-04 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 6 |
| 2004-05 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 2 |
| 2005-06 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 3 |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 3 |

| | | |
|---|---|---|
| 2007-08 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 4 |
| 2008-09 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 6 |
| 2009-10 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 7 |
| 2010-11 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 7 |
| 2011-12,12-13 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 6 |
| 2013-14,14-15 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 18 |
| 2015-16 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 10 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 7 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി13-931/20 തീയതി 16.11.2020 | 14 |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി13-113/20 തീയതി 18.08.2020 | 15 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Thalipparamba Block Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 22662092.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 78628.00 |
| 150000000 | Sale & Hire Charges | RP-5 | 76016.00 |
| 151000000 | Receipts from Transferred Institutions | RP-6 | 95668.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 71160149.00 |
| 171000000 | Interest Earned | RP-9 | 103143.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1916048.00 |
| 350000000 | Other Liabilities | | |
| | Non Operating | | |
| 180000000 | Other Income | RP-10 | 152.00 |
| 340000000 | Deposits Received | RP-34 | 279918.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 127540.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 678086.00 |
| 460000000 | Loans, Advances and Deposits | | RP-47 |
| | Grand total | | |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3322260.00 |
| 220000000 | Administrative Expenses | RP-12 | 1679697.00 |
| 230000000 | Operations & Maintenance | RP-13 | 445363.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 11261572.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 29347437.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2725648.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 291038.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 70000.00 |
| 255000000 | Maintenance Projects | RP-20 | 1471924.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 76420.00 |
| 280000000 | Prior Period item | RP-26 | 72535.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2268031.00 |
| 350000000 | Other Liabilities | RP-36 | 100731.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1797.00 |
| 330000000 | Secured Loans | RP-32 | 1056920.00 |
| 340000000 | Deposits Received | RP-34 | 53800.00 |
| 350000000 | Other Liabilities | RP-36 | 121244.00 |
| 410000000 | Fixed Assets | RP-38 | 4377334.00 |
| 412000000 | Capital work in Progress | RP-40 | 16985859.00 |
| 460000000 | Loans, Advances and Deposits | RP-47 | 750547.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 21287846.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 97768003.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

2.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Thalipparamba Block Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1063800.00 |
| 140000000 | Fee & User Charges | I-4(b) | 78628.00 |
| 150000000 | Sale & Hire Charges | I-5(b) | 76016.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 95668.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 73449503.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 103143.00 |
| 180000000 | Other Income | I-9 | 152.00 |
| | Total Income | | 74866910.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3320088.00 |
| 220000000 | Administrative Expenses | I-11(b) | 1679697.00 |
| 230000000 | Operations & Maintenance | I-12(b) | 445363.00 |
| 240000000 | Interest & Finance Charges | I-13 | 1797.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13040149.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 29426055.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 12586462.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 291038.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 70000.00 |
| 255000000 | Maintenance Projects | I-14(e) | 1471924.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 76420.00 |
| 272000000 | Depreciation | I-17(a) | 1682097.00 |
| | Total Expenditure | | 64091090.00 |
| | Gross Surplus/ Deficit of income over Expenditure | | 10775820.00 |
| 280000000 | Prior Period Item | I-18 | 5634308.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 5141512.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

3.ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Thalipparamba Block Panchayat<br>BALANCE SHEET | | | |
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 6623259.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 72588600.00 |
| | Total Reserve & Surplus | | 79211859.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15817653.00 |
| | Total Grants, Contributions for Specific Purposes | | 15817653.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 2497421.00 |
| | Total Loans | | 2497421.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 769552.00 |
| 350000000 | Other Liabilities | B-9 | 202703.00 |
| | Total Current Liabilities and Provisions | | 972255.00 |
| | TOTAL LIABILITIES | | 98499188.00 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 94209887.00 |
| 411000000 | Accumulated Depreciation | B-11 | -22240890.00 |
| 412000000 | Capital Work in Progress | B-11(a) | 3815860.00 |
| | Total Fixed Assets | | 75784857.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 929114.00 |
| 450000000 | Cash and Bank Balance | B-17 | 21287846.00 |
| 460000000 | Loans, Advances and Deposits | B-18 | 497371.00 |
| | Total Current Assets, Loans and Advances | | 22714331.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 98499188.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ